**പതിമൂന്നാം കേരള നിയമസഭ**
**എട്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.239 — 01.04.2013-ൽ മറുപടിയ്ക്ക്

**ഭൂഗർഭജലനിരപ്പ് അപകടകരമായ അളവിൽ താഴുന്നതായുള്ള പഠനറിപ്പോർട്ട്**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.എസ്. രാജേന്ദ്രൻ<br>ഡോ.ടി.എം. തോമസ് ഐസക്<br>ശ്രീ. ജെയിംസ് മാത്യു<br>ശ്രീ. പി.റ്റി .എ. റഹീം | | ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്തെ ഭൂഗർഭ ജലനിരപ്പ് അപകടകരമായ അളവിൽ താഴുന്നതായുള്ള കേരള ശാസ്ത്ര സാങ്കേതിക കൗൺസിലിന്റെ പഠനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത റിപ്പോർട്ട് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ; | എ) | ഭൂഗർഭ ജലനിരപ്പിനെ കുറിച്ച് പ്രതിപാദിക്കുന്ന കേരള ശാസ്ത്ര സാങ്കേതിക കൗൺസിലിന്റെ റിപ്പോർട്ടിന്റെ കോപ്പി ഭൂജല വകുപ്പിൽ ലഭിച്ചിട്ടില്ല. എന്നാൽ കേരളത്തിൽ പല ബ്ലോക്കുകളിലും ഭൂജല നിരപ്പിൽ ഗണ്യമായ വ്യതിയാനം ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. |
| ബി) ഭൂഗർഭ ജലനിരപ്പ് ക്രമാതീതമായി താഴുന്നത് ഭൂഗർഭ ജലത്തിൽ വിഷപദാർത്ഥങ്ങൾ കലർന്ന് അസ്ഥിരോഗം, ആമാശയ സംബന്ധമായ രോഗങ്ങൾ തുടങ്ങി കാൻസർ പോലുള്ള മാരക രോഗങ്ങൾക്കുവരെ കാരണമാകുമെന്നുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) | ഭൂഗർഭ ജലനിരപ്പ് താഴുന്നതിനാൽ കിണറുകളുടെ ആഴം കൂടുവാനും ഫ്ളൂറൈഡ്, ആർസനിക് മുതലായവയുടെ തോത് വർദ്ധിക്കാനും ഇടയുണ്ട് എന്നുള്ള റിപ്പോർട്ടുകൾ പല പഠനങ്ങളുടെയും ഭാഗമായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| സി) പ്രസ്തുത റിപ്പോർട്ടുപ്രകാരം ഏറ്റവും കൂടുതൽ പ്രശ്നബാധിതമായ ചിറ്റൂർബ്ലോക്കിൽ ദുരിതബാധിതർക്ക് ആശ്വാസം നൽകാനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | സി) & ഡി) | ചിറ്റൂർ ബ്ലോക്കിൽ സമഗ്രമായ ഭൂജല മാനേജ്മെന്റ് നടത്തുവാനായുള്ള പ്രാഥമിക പഠനം അന്തിമ ഘട്ടത്തിലാണ്. പ്രസ്തുത പഠനത്തിന്റെ അടിസ്ഥാനത്തിൽ ഭൂജല ശോഷണം തടയുവാനും കൃത്രിമ ഭൂജല പരിപോഷണ മാർഗ്ഗങ്ങൾ വ്യാപകമാക്കുവാനും വകുപ്പ് നടപടികൾ എടുത്തു വരുന്നു. |
| ഡി) ഇല്ലെങ്കിൽ കാരണമെന്തെന്നും എന്ത് തുടർനടപടികളാണ് സ്വീകരിച്ചതെന്നും വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ